സൂപ്രണ്ടുമാർക്കുകൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മുന്നുമാസംകൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻപ്ലാൻ തയ്യാറാക്കി ജില്ലകളിൽ നടത്തുന്ന റവന്യൂ-സർവ്വേ അദാലത്തിൽ ഉൾപ്പെടുത്തി തീർപ്പാക്കാൻ തീരുമാനമായി.

(ജി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ-സർവ്വേ അദാലത്ത് നടത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

തണ്ടപ്പേര് നൽകാൻ നടപടി

202(3125) ശ്രീ. കോവൂർ കുഞ്ഞുമോൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര പാലമേൽ വില്ലേജിൽ മുൻ സർവ്വെ നമ്പർ 220/2-15-ൽ ശ്രീമതി കല്ല്യാണിയമ്മയുടെയും മകൻ ശ്രീ. ആനന്ദിന്റെയും പേരിൽ 769-4-ാം നമ്പർ തണ്ടപ്പേരിൽപ്പെട്ട 45.5 സെന്റ് വസ്തുവിൽ നിന്നും കല്ലട ജലസേചന പദ്ധതിയ്ക്കായി 14.75 സെന്റ് വസ്തു ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ബാക്കിയുള്ള സ്ഥലത്തിന് റീ-സർവ്വേയ്ക്കുശേഷം പുതിയ തണ്ടപ്പേര് നൽകിയിട്ടില്ലായെന്നും റീ-സർവ്വെയിൽവന്ന പ്രസ്തുത തെറ്റ് തിരുത്തണമെന്നും ആവശ്യപ്പെട്ട് മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ ആനന്ദ മന്ദിരത്തിൽ ശ്രീ. കെ. രവീന്ദ്രൻ 26-12-2012-ൽ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ജലസേചന പദ്ധതിക്ക് ഏറ്റെടുത്തശേഷം ബാക്കിയുള്ള വസ്തു തണ്ടപ്പേര് ഉടമകളുടെ പേരിൽ കൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏറ്റെടുത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1978-79 കാലഘട്ടത്തിലാണ് പ്രസ്തുത സ്ഥലം കല്ലട ഇറിഗേഷൻ പ്രോജക്ട് കനാലിനുവേണ്ടി ഏറ്റെടുത്തിട്ടുള്ളത്. പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതിന്റെ സ്കെച്ചും മഹസറും ലഭിച്ചാൽ മാത്രമേ കനാലിനുവേണ്ടി ഏറ്റെടുത്ത ഭൂമിയുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനനിർണ്ണയം നടത്തി പരാതി പരിഹരിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത സ്കെച്ചിന്റെ പകർപ്പുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നതായും ആയത് ലഭ്യമായാലുടൻതന്നെ പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ആയയിൽപ്പാലം നിർമ്മിക്കുന്നിന് വസ്തു

203(3126) <u>ശ്രീ. എ. റ്റി. ജോർജ്</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയേയും പെരുങ്കടവിള ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആയയിൽപ്പാലം നിർമ്മിക്കുന്നതിനുള്ള വസ്തു പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കാമോ ;

(ബി) പൊന്നുംവില നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയേയും പെരുങ്കടവിള ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ആയയിൽപ്പാലം നിർമ്മിക്കുന്നതിനുള്ള വസ്തു പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഭ്യർത്ഥന നൽകുകയും ഇതനുസരിച്ച് സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും തുടർന്ന് ശ്രീ. ഷാജി, ശ്രീമതി വീണ എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) 16600/10-ാം നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി അക്വിസിഷൻ നടപടികൾ സ്റ്റേ ചെയ്യുകയുമുണ്ടായി. അതിനാലാണ് അക്വിസിഷൻ നടപടികൾക്ക് കാലതാമസം നേരിടേണ്ടിവന്നത്. ഇപ്പോൾ കേസ് ഹൈക്കോടതി തള്ളി തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ പുതിയ അക്വിസിഷനുള്ള റിക്വിസിഷൻ പൊതുമരാമത്ത് വകുപ്പ് നൽകിയാൽ നിലവിലുള്ള Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly